



## ഭാഷ എത്ര ലളിതമാക്കാമോ അത്രയ്ക്കും ലളിതമാക്കണം

'രാജ്യസ്നേഹം എന്ന മിഥ്യാഭിമാനം'- ബി.കെ.സി.യുടെ ലേഖനത്തിന്റെ ഉള്ളടക്കം നല്ലതായി. പക്ഷേ ഭാഷ ലളിതമാക്കണം. അതിലെ ബിംബങ്ങളെക്കുറിച്ച് ധാരണയുള്ളവർക്കേ വിഷയം പൂർണമായും മനസിലാകൂ. ആ ബിംബങ്ങൾ അറിയാവുന്ന മിക്ക വായനക്കാരും ശ്രീ ബി.കെ.സിയുടെ ലേഖനത്തിൽ പറയുന്ന കാഴ്ചപ്പാടുള്ളവരായിരിക്കും. അവർക്കു തങ്ങളുടെ കാഴ്ചപ്പാടിനെ ഉറപ്പിക്കാൻ ലേഖനം സഹായിക്കുമെന്നതു ശരിതന്നെ. പക്ഷേ, 'രാജ്യസ്നേഹം എന്ന രോഗം' പിടിപെട്ടവരുണ്ടല്ലോ- അവരിൽ ഭൂരിഭാഗവും അടിച്ചേൽപ്പിക്കപ്പെട്ട അറിവ് വിഴുങ്ങിയവരാണ്. അവർക്കു പ്രസ്തുത ലേഖനം ഒരു പുതിയ അറിവായി ചെന്നെത്തണമെങ്കിൽ നമ്മുടെ ഭാഷ എത്ര ലളിതമാക്കാമോ അത്രയ്ക്കും ലളിതമാക്കണം, വായനശീലം കുറഞ്ഞ അധ്യാപകർ, കൂലിപ്പണിക്കാർ, ചുമട്ടു തൊഴിലാളികൾ, മറ്റു ഗവൺമെന്റുദ്യോഗസ്ഥർ വരെ ഇത്തരക്കാർ വ്യാപിച്ചുകിടപ്പുണ്ട്. അവരെ തട്ടിയുണർത്താൻ നമുക്കു കഴിയണം. ഇവിടുത്തെ നൂറ്റിയെട്ട് രാഷ്ട്രീയ പാർട്ടികളും മതസംഘടനകളും മറ്റും മറ്റും അട വച്ചു വിരിയിച്ചെടുത്തതാണവരെ.

പലിശ: മനുഷ്യ മനസ്സാക്ഷിയുടെ മഹാരോഗം വളരെ നന്നായി. പക്ഷേ, ആശയ പ്രചാരണത്തിനുമുമ്പ് ഒരു പലിശരഹിത ബാങ്ക് സ്ഥാപിച്ച് (അതാണുദ്ദേശിക്കുന്നതെങ്കിൽ) ജമാ അത്തെ ഇസ്ലാമി മാതൃക കാട്ടണം. ബ്ലേഡുകൾക്കെതിരെ ഇതു സാദ്ധ്യമാകും എന്നു ചൂണ്ടിക്കാണിക്കാനൊരുദാഹരണം ഇന്നാവശ്യമാണ്. ഏതാശയവും പ്രയോഗിച്ചാലേ നിലനില്ക്കൂ. ആശയത്തോട് സർവാത്മനാ യോജിക്കുന്നവരാണ് ഞങ്ങൾ. പക്ഷേ, ആരത് നടത്തും? എങ്ങിനെ നടത്തും എന്നാരു കാട്ടിത്തരും?

ഗോപാലകൃഷ്ണനും
വിജയലക്ഷ്മിയും
സാരംഗ്, അഗളി,
ചിറ്റൂർ ഡാം പി.ഒ.

## നാടകീയത വേണ്ട

തലക്കെട്ടുകളിൽ പൊതുവേ നാടകീയതയ്ക്കുള്ള (സെൻസേഷണലിസം) ശ്രമം കാണുന്നു. അതിന്റെ ആവശ്യമുണ്ടോ? 'പുണ്യഭൂമി' ലേഖനം ആദ്യപേജിൽ വരേണ്ട ആവശ്യമില്ല. 'മാതൃഭൂമി നടന്ന വഴിയേ....' ആവശ്യത്തിലേറെ സ്ഥലം അപഹരിച്ചു. എൻറോൺ ലേഖനവും കാര്യങ്ങൾ വിട്ടുപോകാതെ തന്നെ വലിപ്പം കുറയ്ക്കാനാകുമായിരുന്നു. ഊർജമേഖലയെക്കുറിച്ച് ഒരു ചർച്ച തുടങ്ങിക്കൂടേ?

സാരംഗിൽനിന്ന് സ്നേഹപൂർവമെഴുതുന്നത് ആനുകാലികങ്ങളുടെ പതിവുശൈലിയിൽ 'തുടരും.....' എന്ന് പകുതിക്കു വച്ച് നിറുത്തുന്നത് നന്നല്ല.

-രവി, പരിയാരം.

## തോൽക്കുന്നവർ

**ചന്ദ്രിക അന്നനാട്**

പട്ടിണിപ്പിശാചിന്റെയട്ടഹാസത്തിൽ വിങ്ങി-
പ്പൊട്ടുന്ന പിഞ്ഞാണങ്ങൾ ക്യൂവിലായ് ഞെരുങ്ങുമ്പോൾ;

സ്വപ്ന ഗോപുരങ്ങളിൽ പൂത്ത മോഹങ്ങൾ സർവ്വം
മിസൈൽ പ്രവാഹത്തിൻ ഭീതിയിൽ തകരുമ്പോൾ,

രോഗവാഹിയായ് ബോംബർ ജറ്റുപോൽ ചുറ്റും പാറി
താണ്ഡവമാടിത്തിമർത്തീച്ചകൾ പുളയ്ക്കുമ്പോൾ,

നുഴഞ്ഞു കയറുന്ന രാഷ്ട്രീയ കുതന്ത്രത്തിൻ
പിടിയിൽ വട്ടം ചുറ്റും വോട്ടുകൾ ഭിന്നിക്കുമ്പോൾ

തോറ്റുപോകുന്നു നമ്മൾ- ഭാണ്ഡങ്ങൾ കൂട്ടത്തോടെ
യേറ്റുവോർ, രക്ഷാമാർഗ്ഗം തേടലിൻ്ചതയുന്നോർ



### മതസ്വാധീനമോ?

കഴിഞ്ഞ (ലക്കം 6) കേരളീയത്തിൽ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ മതസ്വാധീനം കൂടുന്നു എന്ന വാർത്ത കണ്ടു. അതിൽ "കായികപരിശീലന (പി.ടി.) ക്യാമ്പിൽ സൂര്യനമസ്കാരവും യോഗയും ഇടംകണ്ടെത്തുന്നതുവരെ എത്തിയിരിക്കുകയാണ് കാര്യങ്ങൾ..." - ഇതിലെന്താണിത്ര ശരികേട്? യോഗയും സൂര്യനമസ്കാരവും എല്ലായർത്ഥത്തിലും ആരോഗ്യകരമാണല്ലോ. അതിനെയെന്തിന് മതവുമായി ബന്ധപ്പിക്കുന്നു? മതസ്വാധീനം സ്കൂളുകളിൽ മാത്രമല്ല, ജീവിതത്തിലാകെ കൂടിവരികയാണ് എന്നതും അംഗീകരിക്കുന്നു. അതിന്റെ കൂടെ മതത്തിന്റെ നല്ല കാര്യങ്ങളേയും തള്ളിപ്പറയല്ലേ?

ബിന്ദു കെ.സി.യുടെ ലേഖനം (അവളുടെ കുനിഞ്ഞ മിഴികൾ അതോ അവന്റെയോ?) വളരെ നന്നായി. പലരും പറയാൻ മടിക്കുന്ന എപ്പോഴുമനുഭവിക്കുന്ന കഷ്ടപ്പാടുകൾ വളരെ ലളിതമായി സത്യസന്ധമായി എഴുതിയതിന് അഭിനന്ദനങ്ങൾ.

-സതീഷ്കുമാർ, മേപ്പാടി

## ഡി.ടി.പി. സാഹിത്യം നിയന്ത്രണം വേണം

സാഹിത്യത്തിലെ ഒരു പുതിയ ശാഖയാണ് ഡി.ടി.പി. സാഹിത്യം. നാടൊട്ടുക്ക് ടെലിഫോൺ ബൂത്തുകളെ എണ്ണത്തിൽ പിന്തള്ളുന്ന തരത്തിലാണ് ഡി.ടി.പി. സെന്ററുകൾ ദിനംപ്രതി മുളച്ചുപൊന്തുന്നത്. പത്രങ്ങളും പുസ്തകങ്ങളും മാത്രമല്ല നോട്ടീസുകളും പ്രേമലേഖനങ്ങളും കോടതിയിൽ ഫയലാക്കുന്ന ഹർജികൾ വരെ ഡി.ടി.പി.യിലാണിപ്പോൾ തയ്യാറാക്കുന്നത്.

നാലക്ഷരം എഴുതുകയോ പറയുകയോ ചെയ്ത സകലവനും ഇപ്പോൾ പറഞ്ഞതും എഴുതിയതുമെല്ലാം ഡി.ടി.പി. ചെയ്യുകയാണ്. ഇ.എം.എസിനും നായനാർക്കും പിന്നാലെ തന്റെ പ്രസംഗങ്ങളും സമാഹരിക്കുന്ന വി.എസ്. അച്യുതാനന്ദൻ തൊട്ട് തൊഴിലാവശ്യത്തിനുവേണ്ടി തട്ടിക്കൂട്ടിയ പി.എച്ച്.ഡി. പ്രബന്ധങ്ങൾ ഡി.ടി.പി.യിലാക്കി പ്രസിദ്ധീകരിച്ച് 'ഗ്രന്ഥകർത്താവാകാൻ' ക്യൂ നിൽക്കുന്ന ജനലക്ഷങ്ങളുടെ നാടായി കേരളം മാറുകയാണ്. പതിനായിരം രൂപ മുടക്കിയാൽ ആർക്കും ഇന്നൊരു ഡി.ടി.പി. ഗ്രന്ഥകർത്താവാകാം.

ആരും വായിക്കാതെ പോകുന്ന ഈ ഡി.ടി.പി. ചരക്കുകൾക്കുവേണ്ടി അനാവശ്യമായി ഉപയോഗിച്ചുതള്ളുന്ന കടലാസ് എന്ന മരങ്ങളുടെ ജീവൻ കുരുതി കൊടുത്തുണ്ടാക്കിയതായിരിക്കും എന്നോർക്കുമ്പോഴാണ് ദുഃഖം. കടലാസിന്റെ ഉപയോഗത്തിൽ നമുക്ക് ഒരു നിയന്ത്രണ സംവിധാനം ഉണ്ടാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു

-സംവേദി, തൃശൂർ.

## പുസ്തകപരിചയം

### കൈപ്പറ്റി

**അമ്മ** (നാടകം) - മഹാശ്വേതാദേവി, വിവർത്തനം: ഡോ. കെ.അരവിന്ദാക്ഷൻ, പേജ്: 98, വില: 40 രൂപ, ഭാവിരൂപം, ഒലീവ് ബുക്ക്സ്, എടോടി, വടകര - 673101

**കൃഷിഗീത** ചൊല്ലും വായനയും (18-ാം നൂറ്റാണ്ടിലെ പ്രാകൃതവും പാരമ്പര്യവുമായ കൃഷിപ്പാട്ട്) എഡിറ്റർമാർ: ടി.ടി.ശ്രീകുമാർ, സി.ആർ.രാജഗോപാലൻ, വിജയകുമാർ മേനോൻ. പേജ് 98, വില: 50 രൂപ.

**കണ്ണാടി** (15 പേരുടെ 15 കവിതകൾ) എഡിറ്റർ: സുനിൽ പി. മതിലകം. പേജ് : 32, വില: 16 രൂപ, സൗഹൃദം ബുക്ക്സ്, മതിലകം പി.ഒ.